# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

## ഗവ: എൽ.പി.എസ് മൂതല.

സമഗ്ര വിദ്യാഭ്യാസ വികസനപദ്ധതി.

ഗവ: എൽ പി എസ് മുതല

ഉപജില്ല: കിളിമാനൂർ

വിദ്യാഭ്യാസ ജില്ല: ആറ്റിങ്ങൽ.

# ഭിന്നശേഷിക്കാരുടെ ശേഷിവികസനം - ലക്ഷ്യങ്ങൾ.

> പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക രംഗത്ത് പുരോഗതി ഉറപ്പാക്കും.

> മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കും

> പ്രത്യേക ടീച്ചിംഗ് മാന്വലും ആസൂത്രണവും നടത്തും.

> വിവിധതരം കളിക്കോപ്പുകൾ നൽകി പേശീവികാസത്തിന് ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകും.

> അഡാപ്റ്റർ ടോയിലറ്റ് സംവിധാനം ഒരുക്കും.

> പഞ്ചായത്ത്, എസ്. എം. സി എന്നിവരുടെ സഹകരണത്തോടെ പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് സഹായം ഒരുക്കും.

> വീട്ടിലൊരു ക്ലാസ് ലൈബ്രറി ഒരുക്കും.

> ഐസിടി സാധ്യതകൾ കൂടുതൽ ഉപയോഗപ്പെടുത്തും.

# ഉള്ളടക്കം


1. ആമുഖം.
2. അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഉദ്ദേശ്യങ്ങൾ.
3. അക്കാദമിക മാസ്റ്റർപ്ലാനിന്റെ ലക്ഷ്യങ്ങൾ.
4. സ്കൂളിന്റെ ചരിത്രം.
5. സ്കൂളിന്റെ പൊതുചിത്രം.
6. സ്കൂൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ
7. പൊതുലക്ഷ്യങ്ങൾ
8. നിലവിലുള്ള മികവുകൾ
9. സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.
10. അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - വികസന ലക്ഷ്യങ്ങൾ.
11. വിഷൻ - 2025
12. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ. അക്കാദമികം, ഭൗതികം, സാമൂഹികം
13. ഭിന്നശേഷി വിദ്യാർത്ഥികളുടെ ശേഷിവികസനം - ലക്ഷ്യങ്ങൾ
14. സവിശേഷ ലക്ഷ്യങ്ങൾ - ഭാഷ, ഗണിതം, ശാസ്ത്രം
15. നിർവഹണ പദ്ധതികൾ - മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം, അറബിക്.
16. വൈഭവങ്ങളുടെ പൂർണ്ണതയുടെ വൈവിധ്യം.
17. പഠനവിടവ് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ.

18 മെച്ചപ്പെടേണ്ട വികാസ മേഖലകൾ ,
ലക്ഷ്യങ്ങൾ - ഭാഷ, വൈജ്ഞാനിക .
വൈകാരിക, ശാരീരിക. ചാലക, സാമൂഹിക
സർഗ്ഗാത്മക വികാസങ്ങൾ.

19. സ്കൂൾതല പ്രവർത്തന കലണ്ടർ.

20. ഉപസംഹാരം.

## അക്കാദമിക മാസ്റ്റർപ്ലാനിന്റെ ഉദ്ദേശ്യങ്ങ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സ്ഥാപനപരമായ സുപ്രധാന രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. ഓരോ വിദ്യാലയവും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി മികവിന്റെ കേന്ദ്രങ്ങളായി മാറുക, കുട്ടികളുടെ അവകാശങ്ങ സംരക്ഷിച്ച് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്നിവയൊക്കെയാണ് ഉദ്ദേശ്യം. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെ കഴിവുകളറി അതത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ല ചെയ്യണം എന്ന് കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഈ അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതു യതും ഓരോ കുട്ടിയുടെയും സവിശേഷമായതുമാ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനനേട്ടത്തിന് തുല്യമായ അവസ ങ്ങൾ ഒരുക്കാൻ കഴിയൂ. ഇങ്ങനെ ഒരു സ്ഥാപ നത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ പദ്ധതി രേഖയാണ് അക്കാദമികമാസ്റ്റർപ്ലാ

# അക്കാദമിക മാസ്റ്റർപ്ലാനിന്റെ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളുടെയും എല്ലാവിഭവങ്ങളെയും അതിന്റെ പൂർണതയിൽ എത്തിക്കുക.
- കരിക്കുലം ലഭ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും അതിന്റെ പൂർണതയിൽ എല്ലാ കുട്ടികളും ആർജ്ജിക്കുക.
- പരസ്പരാശ്രയത്വത്തിന്റെയും സൗഹൃദത്തിന്റെയും മനോഭാവം വളർത്തുക.
- രണ്ട് ഭാഷകളിൽ മികച്ച ആശയവിനിമയ ശേഷി വളർത്തുക.
- ക്രിയാത്മകതയും യുക്തിബോധവും വിമർശനാത്മക ചിന്തയും വളർത്തുക.
- പഠന ശേഷികളും പഠന മനോഭാവങ്ങളും വളർത്തുക.
- മതേതര ജനാധിപത്യബോധമുള്ള പൗരന്മാരായി വളർത്തുക.
- മതേതര ജനാധിപത്യ സംസ്കാരത്തിലേക്ക് കുട്ടികൾ വളരുക.

# സ്കൂളിന്റെ ചരിത്രം

ഗവ: എൽ പി എസ് മൂതല, മൂതല ശങ്കരവിലാസത്തിൽ യശ:ശരീരനായ ശ്രീമാൻ. ശങ്കുപിള്ള 1916 ജൂണിൽ സ്ഥാപിച്ചു. അദ്ദേഹം തന്നെ ആയിരുന്നു ആദ്യത്തെ പ്രഥമ അദ്ധ്യാപകൻ. മൂതല കേശവപുരത്ത് ഗൗരിയമ്മ ആയിരുന്നു ആദ്യ വിദ്യാർത്ഥി. 1952 ൽ ഇത് സ്കൂൾ സർക്കാർ ഏറ്റെടുത്തു ശ്രീ കുഞ്ഞുമണി ഉണ്ണിത്താൻ മൂതല, ശ്രീ കുട്ടൻപിള്ള എന്നിവരായിരുന്നു ആദ്യകാല അദ്ധ്യാപകർ.

ശ്രീ കെ.കെ പിള്ള (കൊച്ചിയിലെ പ്രമുഖ വ്യവസായി, എക്സ്പോർട്ടേഴ്സ് അസോസിയേഷൻ സൗത്ത് സോൺ പ്രസിഡന്റ്, കൊച്ചിൻ ചേമ്പർ ഓഫ് കൊമേഴ്സ് പ്രസിഡന്റ്), ശ്രീ. കെ. ജി പിള്ള (റിട്ട. പ്രൊഫസർ ലോകത്തിലെ ആദ്യത്തെ എം. എ. ഹോൾഡർ), ശ്രീ കൊച്ചുകുട്ടൻ ഉണ്ണിത്താൻ (ചെന്നൈയിലെ പ്രമുഖ വ്യവസായി) തുടങ്ങിയ പ്രമുഖർ പൂർവവിദ്യാർത്ഥികൾ ആണ്.

# സ്കൂളിന്റെ പൊതുചിത്രം

കിളിമാനൂർ സബ്ജില്ലയിലെ പള്ളിക്കൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന മികച്ച പൊതുവിദ്യാലയമാണ് ഗവ: എൽ പി എസ് ആതല. 33 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി മുതൽ നാലാം ക്ലാസ് വരെ 150ഓളം കുട്ടികൾ പഠിക്കുന്നു. പ്രഥമ അധ്യാപിക ശ്രീമതി ജുബൈദ ടീച്ചറിന്റെ കീഴിൽ അഞ്ച് പിഡി ടീച്ചർമാരും ഒരു അറബിക് ടീച്ചറും ഒരു പാർട്ട് ടൈം സ്വീപ്പറും സേവനമനുഷ്ടിക്കുന്നു. പ്രീ പ്രൈമറിയിൽ ഒരു ടീച്ചറും ഒരു ആയയും കൂടാതെ എസ് എം സി ഏർപ്പെടുത്തിയ ഒരു ടീച്ചറും ഉണ്ട്. പാചകത്തൊഴിലാളിയായി ഒരു സ്ത്രീയും ഇവിടെ സേവനമനുഷ്ടിക്കുന്നു.

# നിലവിലുള്ള മികവുകൾ

- ശിശു സൗഹൃദ അന്തരീക്ഷം.
- രക്ഷകർത്താക്കളുടെയും പി.ടി.എയുടെയും നിസ്സീമമായ സഹകരണം.
- പ്രവർത്തനാധിഷ്ഠിത പഠനം.
- ശുദ്ധജല ലഭ്യത.
- മെച്ചപ്പെട്ടതും ശുചിത്വമുള്ളതുമായ ഉച്ചഭക്ഷണം.
- കലോത്സവങ്ങളിൽ തിളക്കമാർന്ന വിജയം.
- കായിക മേളകളിലെ മെച്ചപ്പെട്ട പ്രകടനം.
- ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേളകളിൽ പരമാവധി പങ്കാളിത്തവും മികച്ച വിജയവും
- യുറീക്കാ വിജ്ഞാനോത്സവം, ക്വിസ് മത്സരങ്ങൾ തുടങ്ങിയവയിലെ വിജയം.
- എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറികൾ
- മികച്ച പുസ്തക ശേഖരം.
- ക്ലാസ് പഠന പ്രവർത്തനങ്ങളിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- ആകർഷകമായ സ്കൂൾ അസംബ്ലി.
- മികച്ച പ്രവർത്തനങ്ങൾ കോർത്തിണക്കി ദിനാചരണങ്ങൾ.
- ഇൻക്ലൂസീവ് എഡ്യൂക്കേഷൻ.
- മികച്ച അക്കാദമിക ആസൂത്രണം, ക്ലാസ് പി.ടി.എ അധ്യാപനം, സ്കൂൾ ലൈബ്രറി.

# സ്കൂൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ

പരിമിതമായ സ്ഥലസൗകര്യം വിദ്യാലയം നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. ഇതിനാൽ കുട്ടികൾക്ക് മതിയായ രീതിയിൽ കായിക വിദ്യാഭ്യാസം നടത്താനുള്ള അവസരം ലഭിക്കുന്നില്ല. പഠന പ്രവർത്തനങ്ങളുടെ ഭാഗമായും വിവിധ മേളകളുടെ ഭാഗമായും രൂപപ്പെടുന്ന ഉത്പന്നങ്ങൾ സൂക്ഷിച്ച് വച്ച് പുനരുപയോഗിക്കുവാൻ സൗകര്യങ്ങൾ ഇല്ല. വർഷകാലത്തെ ചളിക്കെട്ടും വേനൽക്കാലത്തെ പൊടിയും ആരോഗ്യ പ്രശ്നങ്ങളും അസൗകര്യങ്ങളും ഉണ്ടാക്കുന്നു. തൊട്ടടുത്തുള്ള അനംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നുകയറ്റം ഏറ്റവും പ്രധാന വെല്ലുവിളി ഉയർത്തുന്നു. മാർച്ച് മാസത്തിലെ കൊടും ചൂടിൽ കിണർ വറ്റുന്നതിനാൽ ജലദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു. ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഇല്ലാത്തതും മറ്റൊരു വെല്ലുവിളിയാണ്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ വികസന ലക്ഷ്യങ്ങൾ

- ഭാഷാശേഷി വികസനം
- ഗണിത ശേഷി വികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
- വായനാശേഷി വർധിപ്പിക്കൽ
- [illegible] ശാസ്ത്ര പോഷണ പരിപാടി
- പ്രതിഭാപോഷണ പരിപാടി.
- സ്കൂൾ ലൈബ്രറി.
- പഠനയാത്രകൾ
- സ്കൂൾ പത്രം, മാസിക
- ബാലസാഹിത്യകൃതികൾ.
- അധ്യാപക ശാക്തീകരണം-സ്കൂൾ SRG തലം.
- പ്രവൃത്തി പരിചയ പരിശീലനം.
- കലാപരിപോഷണം.
- 

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസുകളിൽ നേടേണ്ട പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികളെയും മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ വായിക്കാനും സംസാരിക്കുവാനും കഴിവുള്ളവർ ആക്കുക.
- കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാ സാഹിത്യ കായിക അഭിരുചികൾ പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക.
- അക്കാദമിക വേലകളെ ഉപവേലകളായി തിരിച്ച് മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസരപഠനം എന്നിവയിൽ ശേഷി ബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പൊതുധാരയിൽ കൊണ്ടുവരാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പാക്കുക.
- ഭാഷാവിഷയങ്ങളായ മലയാളം, ഇംഗ്ലീഷ് എന്നിവയിൽ എഴുതാനും വായിക്കാനും സർഗാത്മക രചനകളിൽ ഏർപ്പെടാനുള്ള കഴിവും ഉണ്ടാക്കിയെടുക്കുക.

- ശാസ്ത്ര വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലൂടെ ശാസ്ത്രാവബോധം വളർത്തുക.
ഗണിതപഠനം എല്ലാകുട്ടികൾക്കും പ്രാപ്യമായ ഒന്നാക്കി മാറ്റുക.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- സാമൂഹിക പങ്കാളിത്തം ഉറപ്പുവരുത്തുക.
- ആരോഗ്യ കലാകായിക മേഖലകളിൽ പുരോഗതി നേടുക.
- വിവരവിനിമയ സാങ്കേതികവിദ്യയുടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

## സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

- ഓഡിറ്റോറിയത്തിന്റെ അഭാവം
- കളിസ്ഥലത്തിന്റെ അപര്യാപ്തത
- ലൈബ്രറിഹാളും ഇരുന്നുവായിക്കാനുള്ള ഫർണിച്ചറുകളും ഇല്ല.
- ഡൈനിംഗ്ഹാൾ അവശ്യമാണ്.
- ഫർണിച്ചർ - ഓരോകുട്ടിക്കും ചെയർ ഉള്ള ഡസ്ക്, വായനാ സാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള അലമാര തുടങ്ങിയവ അവശ്യമാണ്.
- ക്ലാസ് ലൈബ്രറികൾക്ക് അവശ്യമായ ഷെൽഫുകൾ അപര്യാപ്തമാണ്.
- സ്ഥലപരിമിതി മറ്റൊരു പ്രധാനപ്രശ്നമാണ്.
- മെച്ചപ്പെട്ട ലാബ്, പരീക്ഷണ വസ്തുക്കൾ മോഡലുകൾ തുടങ്ങിയവയുടെ അപര്യാപ്തത
- വേനലിൽ പൊടിശല്യം.
- ഇന്റർലോക്ക് ചെയ്യാത്തതിനാൽ മുറ്റത്ത് കുട്ടികൾക്ക് കളിക്കാനുള്ള ബുദ്ധിമുട്ട്.
- വേനൽകാലത്തെ ജലദൗർലഭ്യം.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## അക്കാദമികം, ഭൗതികം, സാമൂഹികം

| അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|
| • വായന പരിപോഷണം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ഗണിതശേഷി വികസനം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പഠനയാത്രകൾ<br>• കലാ-കായിക മേളകൾ<br>• ഐ.ടി പരിശീലനം<br>• പ്രവൃത്തി പരിചയ പഠനം, പരിശീലനം<br>• ക്ലാസ് പിടിഎ ശക്തിപ്പെടുത്തൽ<br>• സ്കൂൾ ബ്ലോഗ് അപ്ഡേഷൻ, സ്കൂൾ യൂട്യൂബ് ചാനൽ | • ആഡിറ്റോറിയം.<br>• കിച്ചൺ ടെറസ് ഗ്രോബാഗുകൾ സെറ്റ് ചെയ്യണം. അതിനായി [illegible]<br>• അടുക്കളയ്ക്ക് പിന്നിലെ മതിൽ ബലപ്പെടുത്തണം. | • പൂർവ്വവിദ്യാർത്ഥി കൂട്ടായ്മകളുടെ സഹകരണം ഉറപ്പാക്കണം.<br>• പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കണം. |

| അക്കാദമികം | ഭൗതികം | സാമൂഹികം. |
|---|---|---|
| • നിരന്തര മൂല്യനിർണയ വിലയിരുത്തൽ<br>• സ്കൂൾ വാട്സാപ്പ് ഗ്രൂപ്പിന്റെ ഫലപ്രദമായ പ്രയോജനപ്പെടുത്തൽ<br>• ദിനാചരണങ്ങൾ<br>• പുതിയ പഠനതന്ത്രങ്ങൾ ഉപയോജ്യമായ പാഠാസൂത്രണം (സചിത്ര പാഠം, സംഗീതമയി)<br>• അധ്യാപക ശാക്തീകരണം<br>• സ്കൂൾ പത്രം, മാസിക, സ്കൂൾ ലൈബ്രറി.<br>• ഗണിതലാബ്<br>• ശാസ്ത്ര കോർണർ<br>• SRG ശാക്തീകരണം<br>• ശില്പശാലകൾ. (പഠനം) | | |

# സവിശേഷ ലക്ഷ്യങ്ങൾ - ഭാഷ, ഗണിതം, ശാസ്ത്രം

## ഭാഷ :-

> എല്ലാവർക്കും എഴുത്തും വായനയും
> വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
> മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
> വായനാ സാമഗ്രികൾ കണ്ടെത്തൽ, വികസിപ്പിക്കൽ
> സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുക.
> പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കഥ, കവിത, നാടകം, ഹാസ്യചിത്രം, തെരുവുനാടകങ്ങൾ, ദൃശ്യാവിഷ്കാരങ്ങൾ തുടങ്ങിയവയുടെ അവതരണം
> പരമാവധി ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനാനുഭവങ്ങൾ നൽകൽ.
> സാഹിത്യകാരന്മാരെയും വ്യത്യസ്ത സാഹിത്യ രൂപങ്ങളെയും പരിചയപ്പെടൽ.
> നാടൻപാട്ട്, നാടൻകലകൾ, നാട്ടറിവ് മറ്റു കലാരൂപങ്ങൾ തുടങ്ങിയവയെക്കുറിച്ച് അറിയുക.

## ഗണിതം.

- ദൈനംദിന ജീവിത പ്രശ്നങ്ങളിൽ ഗണിതത്തിന്റെ തലങ്ങൾ കണ്ടെത്തുക. പ്രശ്നനിർധാരണത്തിന് ഗണിതത്തെ പ്രയോജനപ്പെടുത്തുക.
- യുക്തിചിന്ത വികസിപ്പിക്കുക.
- പ്രശ്നപരിഹാരത്തിന് ശാസ്ത്രീയസമീപനം സ്വീകരിക്കുക.
- കൃത്യത, സൂക്ഷ്മത, വേഗത എന്നിവയോടെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹരിക്കുക
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ പ്രയോജനപ്പെടുത്തുക.
- ഗണിത പഠനത്തിൽ ഐസിടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടിയെ മികച്ച നിലവാരത്തിൽ എത്തിക്കുക.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തലത്തിലേക്ക് കുട്ടിയെ വളർത്തുക.

## ശാസ്ത്രം.

- ശാസ്ത്രാവബോധം വളർത്തുക.
- യുക്തിചിന്തയും ശാസ്ത്ര ചിന്തയും വളർത്തുക.
- നിരീക്ഷണത്തിലൂടെ കാര്യങ്ങൾ ഗ്രഹിക്കുന്നതിന്
- പരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രാഭിരുചി

വളർത്തുക.

> നിരീക്ഷണത്തിലൂടെ കാര്യങ്ങൾ ഗ്രഹിക്കുന്നതിന്

> പരീക്ഷണങ്ങളിൽ ഏർപ്പെട്ട് ശാസ്ത്രാഭിരുചി വളർത്തുക

> നിരീക്ഷണം, വർഗീകരണം, താരതമ്യം, നിഗമനം തുടങ്ങിയവയിൽ താല്പര്യവും, വൈദഗ്ധ്യവും വളർത്തുക.

> പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യുക.

## വൈഭവങ്ങളുടെ പൂർണ്ണതയുടെ വൈവിധ്യം

> എല്ലാ കുട്ടികളുടെയും സവിശേഷമായ കഴിവുകൾ (വൈഭവങ്ങൾ) കണ്ടെത്തുക

> വൈഭവങ്ങൾ വളർത്താൻ വിദഗ്ധരുടെയും സ്ഥാപനങ്ങളുടെയും പിന്തുണ ലഭ്യമാക്കുക.

> സ്വന്തം വൈഭവങ്ങൾ തിരിച്ചറിയുന്നതിനുള്ള സന്ദർഭങ്ങളും സാഹചര്യങ്ങളും വികസിപ്പിക്കുക.

> വൈഭവങ്ങളുടെ പൂർണതയിൽ എത്തിക്കുക

> വൈഭവങ്ങളുടെ പൂർണതയുടെ വൈവിധ്യം സൃഷ്ടിക്കുക.

Communication in English.

> To enrich vocabulary based on need
> To develop communication skills.
> To develop listening skill
> To respond meaningfully to initiations in a dialogue conversation
> To tell story, incidence etc in ones own language.

അറബിക്.

- ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക.
- നല്ല വായനക്കാർ ആക്കുക.
- പദസമ്പത്ത് വർദ്ധിപ്പിക്കുക
- കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തുക.
- വിവിധ വ്യവഹാര രൂപങ്ങളിലൂടെ ഭാഷയിൽ പ്രാവീണ്യം നേടുക.
- സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാക്കുക.

നിർവഹണ പദ്ധതികൾ -

മലയാളം, ഇംഗ്ലീഷ്, ഗണിതം,
പരിസര പഠനം, അറബിക്.

# ഭാഷ

| Sl.No: | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | വായന. | → വായനാദിനത്തിൽ ക്ലാസ് ലൈബ്രറി സജ്ജമാക്കൽ.<br>→ ഹോം ലൈബ്രറി വ്യാപനം.<br>→ വായനാപക്ഷാചരണത്തിന്റെ ഭാഗമായി അതിഥികളെ കൊണ്ടുവന്ന് [illegible] ശില്പശാലകൾ<br>→ പ്രതിവാരവായനാ സമ്മാനം<br>→ സ്വന്തം രചനകളും അനുഭവങ്ങളും അവതരിപ്പിക്കൽ.<br>→ വായനാ കാർഡുകൾ നിർമ്മിക്കൽ<br>→ അമ്മവായന.<br>→ റീഡേഴ്സ് തിയേറ്റർ.<br>→ എല്ലാ കുട്ടികൾക്കും ലൈബ്രറിയിൽ അംഗത്വമെടുക്കൽ | ജൂൺ 19 - മാർച്ച്. | ക്ലാസ് ടീച്ചർ<br>HM<br>വിദ്യാരംഗം ക്ലബ്. | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | ലേഖനം. | ചിത്രങ്ങൾ നൽകി, സ്വതന്ത്രരചനകൾ നടത്താനവസരം നൽകുന്നു<br>• സ്കൂളിലെ പൊതുപരിപാടികൾ വാർത്താരൂപത്തിൽ തയ്യാറാക്കുന്നു.<br>• ലേഖനപ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് പ്രത്യേകക്ലാസുകൾ നൽകുന്നു.<br>• ഡയറിയെഴുത്ത്,<br>• രചനാപരിചയക്കുറിപ്പുകൾ വായനക്കുറിപ്പുകൾ എന്നിവ തയ്യാറാക്കുന്നു. മികച്ചവയ്ക്ക് സമ്മാനം നൽകുന്നു<br>• കയ്യെഴുത്തുമാഗസിൻ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ. <br> • ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്ന വരെ | SRG <br> ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| • വായനാശേഷി വളർത്തൽ | ബഷീറിന്റെ വായനാക്കൂട്ടം ക്ലാസ് ലൈബ്രറികളുടെ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് ആശയാവലിക വായന <br> • വായനാവാരം <br> • ലഹരി/മരുന്ന് വിരുദ്ധ ദിനാചരണം. | വർഷം മുഴുവൻ <br> ജൂൺ | HM <br> SRG <br> ക്ലാസ് ടീച്ചർ <br> CPTA | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകൽ. • ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| • വായനാശേഷി വളർത്തൽ | ബഡ്ഡീസ് വായനക്കൂട്ടം ക്ലാസ് ലൈബ്രറിയിലെ പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് ആനുകാലിക വായന • വായനാവാരം | വർഷം മുഴുവൻ ജൂൺ | HM SRG ക്ലാസ് ടീച്ചർ CPTA | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പ്രഗത്ഭരുടെ ജന്മ-ചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ (ശിശുദിനം, അധ്യാപകദിനം) ഫോട്ടോ ഗ്യാലറി പ്രദർശനം പുസ്തക പരിചയം ജീവിതരേഖ തയ്യാറാക്കൽ (പതിപ്പ് നിർമ്മാണം) | ആവശ്യാനുസരണം | SRG<br>Class Tr.<br>CPTA | |
| • പാരമ്പര്യമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം, കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Tr. | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികളിൽ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

# English.

| Sl No | Aims | Activity | Duration | Charge | Economic Source. |
|---|---|---|---|---|---|
| 1. | The opportunity to hear English [Listening] | English Assembly<br>Games<br>Conversations<br>Skit<br>Riddles. | June - feb. | SRG<br>Teacher | |
| 2. | Speaking in English with confidence. | Speech<br>Quiz<br>Riddles.<br>making audio clips and videos.<br>Assembly | June - feb<br><br><br><br>once in a week. | class teacher<br>SRG. | |

# English.



| Sl No | Aims | Activity | Duration | Charge | Economic Source. |
|---|---|---|---|---|---|
| 3. | Comprehented and fluent reading | Reading news paper | June - feb once in a week. | SRG class teacher | |
| | | Reading cards | | | |
| | | Library book reading | | | |
| 4. | Writing without mistakes | Diary | July - feb once in a week. | SRG class teacher | |
| | | making growing picture dictionary | | | |
| | | Completing story | June - feb | | |
| | | Description | | | |

## English

| | Aims | Activity | Duration | Charge | Economic Source |
|---|---|---|---|---|---|
| 5 | Reading Enhancement | Arrange class-library and give suitable books Reading corner | August - Feb | SRG | |
| 6 | Handle English with confidence | Celebrating a day as English day | July - Feb once in a month | SRG class PTA class teacher | |
| 7 | Enhance creativity. | Skit<br>Story-telling<br>Conversation<br>English fest<br>E cub - English | June - feb<br><br><br>feb<br>June - feb | class teacher<br><br>class PTA SRG, teacher | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • അടിസ്ഥാന ഗണിതക്രിയകൾ കുട്ടികൾക്ക് ഉറപ്പ് വരുത്തുന്നു. | കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, .... എന്നിവ ഉപയോഗിക്കുന്നു.) | ജൂൺ | ഗണിതാധ്യാപകർ | |
| • ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ, IT സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | കുട്ടികളിലേക്ക് [illegible] എത്തിക്കാൻ [illegible]ത്തിൽ കഴിയുന്നു. | മാസത്തിൽ രണ്ടുതവണ | ഗണിതാധ്യാപകർ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. • ചോദ്യങ്ങൾ കണ്ടെത്തി [illegible] | ആഴ്ചയിൽ ഒരു പിരീഡ് | ഗണിതാധ്യാപകർ. | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഗണിത പഠനം രസകരമാക്കുന്നു. | ഗണിത ക്ലബ്ബ്<br>ഗണിത ക്വിസ്<br>ഗണിത മാഗസിൻ തയാറാക്കൽ | മാസത്തിലൊരിക്കൽ | ഗണിത അധ്യാപകർ | |

# പരിസരപഠനം

| Sl No | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 1 | നിരീക്ഷണം - അറിവുനിർമ്മാണം | * പരിസരത്തിലെ ജീവികളെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. തോട്ടം, വയൽ .... <br> * ചുറ്റുപാടുകളെ ജീവജാലങ്ങളെ നിരീക്ഷിക്കാം <br> * കൃഷിയിട സന്ദർശനം <br> * കർഷക ദിനം | ജൂൺ - ജൂലൈ <br> ആഗസ്ത് | SRG <br> PTA <br> Teacher | |
| 2 | പ്രകൃതി വിഭവ സംരക്ഷണം | * ജൈവ - വൈവിധ്യ പാർക്ക് <br> * പച്ചക്കറിത്തോട്ട പരിപാലനം <br> * പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം <br> * പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ <br> * തണ്ണീർത്തട ദിനാചരണം | വർഷം - മുഴുവനും <br> ജൂൺ <br> ഫെബ്രുവരി | Eco club <br> Class Tr <br> PTA | |

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 3 | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ – അന്വേഷണാത്മകത വളർത്തൽ | * പരീക്ഷണ പ്രവർത്തനങ്ങൾ വീട്ടിൽ | | ശാസ്ത്ര ക്ലബ്ബ് | |
| | | * ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം – ശാസ്ത്രദിനാചരണം | ഫെബ്രുവരി | ഹരിത ക്ലബ്ബ് | |
| | | * ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. | | പരിസ്ഥിതി ക്ലബ്ബ് | |
| | | * പ്ലാനറ്റോറിയം സന്ദർശനം | | | |
| | | * പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ | ജൂൺ | SRG | |
| | | * ഡോക്ടേഴ്സ് ഡേ | | Class Tr | |
| | | * ജനസംഖ്യാദിനാചരണം | ജൂലൈ | PTA | |
| | | * ചാന്ദ്രദിനാചരണ പ്രവർത്തനങ്ങൾ | | | |
| | | * സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | | |
| | | * ഓസോൺ ദിനാചരണ പ്രവർത്തനങ്ങൾ | സെപ്തംബർ | | |
| | | * ഗാന്ധിജയന്തി | ഒക്ടോബർ | | |
| | | * റിപ്പബ്ലിക് ദിനം | ജനുവരി | | |

| Sl No | ജോലി | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 4 | ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | * പതിപ്പ്<br>* ചാർട്ട്<br>* ആൽബം<br>* പഠനോപകരണം<br>* പരീക്ഷണ വസ്തുക്കൾ എന്നിവയുടെ പ്രദർശനം | വർഷം മുഴുവനും | SRG<br>Teacher | |
| 5 | ശാസ്ത്രപഠനം രസകരമാക്കൽ | * ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിക്കൽ, പ്രദർശിപ്പിക്കൽ<br>* ചിത്രപ്രദർശനം | വർഷം മുഴുവനും | ശാസ്ത്രക്ലബ്ബ് | |

| Sl No | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 6 | ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | * ആരോഗ്യ / ശുചിത്വ ബോധവൽക്കരണ ക്ലാസുകൾ<br>* ശുചിത്വ പോസ്റ്റർ നിർമ്മാണം<br>* എന്റെ ആരോഗ്യകാർഡ്<br>* ശരിയായ ഭക്ഷണശീലം - പോസ്റ്റർ<br>* ആരോഗ്യ വിദഗ്ധരുടെ ക്ലാസ്<br>* കൈ കഴുകൽ ദിനം | ജൂൺ - സെപ്റ്റംബർ<br>ഒക്ടോബർ | ഹെൽത്ത് ക്ലബ്ബ്<br>Class Tr | |
| 7 | ആഹാരശീലങ്ങളും ഭക്ഷണവസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിന് | * ഭക്ഷ്യമേള - പ്രദർശനം, നാടൻ വിഭവങ്ങൾ പരിചയപ്പെടൽ<br>* മില്ലറ്റ് മേള | സെപ്റ്റംബർ - ഒക്ടോബർ | ഹെൽത്ത് ക്ലബ്ബ്<br>Class Tr<br>SRG<br>PTA | |

| SL.No | മേഖല | പ്രവർത്തനം | കാലയളവ് | നിർവഹണം | സാമ്പത്തിക |
|---|---|---|---|---|---|
| 1 | ഗാന്ധിദർശൻ പുസ്തകപഠനം | ശനിയാഴ്ചകൾ ആഴ്ചയിലൊരിക്കൽ കേൾക്കാനും വായിക്കാനും അവസരമൊരുക്കുന്നു. | | ഗാന്ധിദർശൻ ക്ലബ് | |
| 2. | സ്വാതന്ത്ര്യദിനാഘോഷം. | ആഗസ്റ്റ് 15ന് പതാക ഉയർത്തൽ കുട്ടികളുടെ റാലി, വേഷപകർച്ച, പ്രസംഗം ക്വിസ്, ദേശഭക്തിഗാനം, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ | ആഗസ്റ്റ് 15 മുതൽ ഫെബ്രുവരി വരെ. | ഗാന്ധിദർശൻ ക്ലബ് | |
| 3. | ലോഷൻനിർമ്മാണം | ഗാന്ധിദർശൻ ക്ലബിലെ കുട്ടികളുടെ ആഭിമുഖ്യത്തിൽ ലോഷൻ നിർമ്മാണം | ജൂലൈ - ഫെബ്രുവരി. | ഗാന്ധിദർശൻ ക്ലബ്. | |

| SL No | ജോലി | പ്രവർത്തനം | കാലയളവ് | നിർവഹണം | സാമ്പത്തികം |
|---|---|---|---|---|---|
| | കഥ പറയൽ | ഗാന്ധി കഥകളുടെ അവതരണം | ജനുവരി - മാർച്ച്. | ഗാന്ധിദർശൻ ക്ലബ്. | |
| | ക്വിറ്റ് ഇന്ത്യാ ദിനാചരണം | പോസ്റ്റർ നിർമാണം, ക്വിസ്. | ആഗസ്റ്റ് | ഗാന്ധിദർശൻ ക്ലബ്. | |
| | സ്കൂൾ ശുചീകരണം | സ്കൂൾ പരിസരവും ക്ലാസ്സ്‌റൂമും വൃത്തിയാക്കൽ | ജനുവരി - മാർച്ച് | ഗാന്ധിദർശൻ ക്ലബ്. | |
| | ഹരിതപ്പിടിപ്പ്. (പൊന്നമ്മാരെങ്ങൾ പരിപാലിക്കപ്പെടേണ്ടവ) | വൃദ്ധസദനം സന്ദർശിക്കുക | | ഗാന്ധിദർശൻ ക്ലബ്. | |
| | തൊഴിലുകളുടെ മഹത്വം. | വേഷപകർച്ചയും വിവരണവും. | | ഗാന്ധിദർശൻ ക്ലബ്. | |

| SL.No: | ജോലി | പ്രവർത്തനം. | കാലയളവ് | നിർവഹണം. | സാമ്പത്തികം |
|---|---|---|---|---|---|
| 1. | കുട്ടികളിലെ സർഗ്ഗ വാസനകൾ വളർത്തുന്നതിനും കലാപരമായ മേഖലകൾ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനും രചനാ താൽപര്യമുള്ള കുട്ടികൾക്ക് അവസരം നൽകുന്നതിനും നേതൃത്വം നൽകുന്ന- | ക്ലാസ്റൂമുകളിൽ ആഴ്ചയിലൊരിക്കൽ സർഗ്ഗവേള.<br>മാസത്തിൽ സാഹിത്യസമാജം. ശില്പശാല.<br>കഥോത്സവം കഥാരചന കവിതാരചന നാടകശില്പശാല വരയുത്സവം പാട്ടരങ്ങ്.<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി കൈയ്യെഴുത്തുമാസികകൾ തയ്യാറാക്കൽ | ജൂൺ - ഫെബ്രുവരി. | വിദ്യാരംഗം ക്ലബ്. | |

# Health Club.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | പങ്കാളികൾ |
|---|---|---|---|
| • കുട്ടികളിൽ ആരോഗ്യപരമായ ശീലങ്ങൾ വളർത്തുക, ജീവിത ശൈലി രോഗങ്ങൾ ഒഴിവാക്കുക. | നാടൻ ഭക്ഷണങ്ങൾ പരിചയം. ജങ്ക് ഫുഡ് ഭക്ഷണത്തിന്റെ ഉപയോഗം ചിത്രങ്ങൾ, കഥകൾ, വീഡിയോ ഉപയോഗിച്ച് ബോധ്യപ്പെടുത്തുന്നു. [illegible] കഴിക്കുക, [illegible] ഉപയോഗം ചർച്ച ചെയ്യുന്നു. | ജൂൺ | രക്ഷാകർത്താക്കൾ, കുട്ടികൾ, അധ്യാപകർ |
| • പോഷക സമൃദ്ധമായ ആഹാരം കഴിക്കുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുക. | ചിത്രങ്ങൾ, കളികൾ, വീഡിയോകളിലൂടെ പച്ചക്കറി, പഴവർഗങ്ങൾ, തൊടിയിൽ [illegible] ഭക്ഷണങ്ങൾ പരിചയപ്പെടുത്തുന്നു. ആരോഗ്യ പ്രവർത്തകർ ക്ലാസ് എടുക്കുന്നു. ജങ്ക് ഫുഡിന്റെ ദോഷങ്ങൾ ലളിതമായ രീതിയിൽ പറഞ്ഞു കൊടുക്കുന്നു. | ജൂലൈ - [illegible]. | അധ്യാപകർ |
| ശാരീരിക വ്യായാമത്തിന്റെ ആവശ്യകത മനസ്സിലാക്കുക. | ചെറിയ വ്യായാമങ്ങൾ, യോഗ, ലളിതമായ സ്ട്രെച്ചിംഗ്, വീഡിയോ പരിശീലിപ്പിക്കുന്നു. ചെറിയ കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | [illegible] | യോഗ പരിശീലകർ, അധ്യാപകർ, രക്ഷിതാക്കൾ |

| | |
|---|---|
| ...പ്പെടുക. | പരിസര ശുചീകരണം, സ്കൂൾ, ക്ലാസ് റൂം എന്നിവ ഒക്കെ വൃത്തിയായി നടത്തുന്നു. കൊതുക് നശീകരണം - ഡ്രൈ ഡേ ആചരിക്കുന്നു. |
| • കുട്ടികളിലെ മാനസികാരോഗ്യം മെച്ചപ്പെടുത്തുക. | സന്തോഷം, സങ്കടം, ദേഷ്യം തുടങ്ങിയ വികാരങ്ങളെ തിരിച്ചറിയാനും ഉചിതമായ സാഹചര്യങ്ങളിൽ പ്രകടിപ്പിക്കാനും പരിശീലിപ്പിക്കുന്നു. വേണ്ട വിധം ഉല്ലാസ കളികൾ ICT സഹായത്തിലൂടെ കുട്ടികളിൽ എത്തിക്കുന്നു. മാനസിക ഉല്ലാസത്തിനു വേണ്ടി സൂംബ ഡാൻസ് പരിശീലിപ്പിക്കുന്നു. |
| | |

# ആമുഖം

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ വികസനോന്മുഖമായ പരിവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് സമഗ്ര വിദ്യാഭ്യാസ വികസനരേഖ.

മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളുമായി ഇടപെട്ട് ജീവിതത്തിനുള്ള ശേഷികളും മനോഭാവങ്ങളും മൂല്യധാരണകളും നൈപുണ്യങ്ങളും നേടിയെടുത്ത് സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

## സമഗ്രഗുണമേന്മാ വിദ്യാഭ്യാസം

ഉറപ്പുവരുത്തിക്കൊണ്ട് ഒന്നുമുതൽ നാല് വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാവശ്യമായ പഠനാനുഭവങ്ങൾ ലഭ്യമാക്കുന്നതിനിലാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. കുട്ടികളുടെ ശാരീരിക- മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിന് യോജിച്ച ക്ലാസ്റൂം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്

# ആമുഖം

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനങ്ങളിൽ വികസനോന്മുഖമായ പരിവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് സമഗ്ര വിദ്യാഭ്യാസ വികസനരേഖ.

മാറിക്കൊണ്ടിരിക്കുന്ന ജീവിതസാഹചര്യങ്ങളുമായി ഇടപെട്ട് ജീവിക്കാനുള്ള ശേഷികളും മനോഭാവങ്ങളും ധാരണകളും മൂല്യങ്ങളും നേടിയെടുത്ത് സമൂഹത്തെ മുന്നോട്ട് നയിക്കാൻ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം.

സമഗ്രഗുണമേന്മാവിദ്യാഭ്യാസം

ഉറപ്പുവരുത്തിക്കൊണ്ട് ഒന്നുമുതൽ നാല് വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കാവശ്യമായ പഠനാനുഭവങ്ങൾ ലഭ്യമാക്കത്തക്ക രീതിയിലാണ് സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. കുട്ടികളുടെ ശാരീരിക- മാനസിക വളർച്ചയെ പരിപോഷിപ്പിക്കുന്നതിന് യോജിച്ച ക്ലാസ്റൂം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.